**പൊതുമരാമത്ത് വകുപ്പ് ചീഫ്എഞ്ചിനീയറുടെ (രൂപകല്പനയും ഭരണവും) നടപടിക്രമം**

വിഷയം:- ജീവനക്കാര്യം - പൊ.മ.വ - മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീ.ഷിബു ജോസഫിനെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1. 07/11/2012- ലെ ഉത്തരവ് നമ്പർ എസ് സി4/18334/06
2. 04/08/16 - ലെ കത്ത് നമ്പർ C2/857/2007
3. 07/08/16- ലെ നോട്ടീസ് നമ്പർ എസ് സി4/13994/16

**ഉത്തരവ് നമ്പർ എസ് സി4/13994/16 തീയതി 09/09/2016**

സൂചനയിലെ കത്തുകളിലൂടെ, പൊതുമരാമത്ത് വകുപ്പ്, റോഡ്സ് സബ് ഡിവിഷൻ ഇടുക്കിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ടി ഓഫീസിലെ മൂന്നാംഗ്രേഡ് ഓവർസിയറായ ശ്രീ.ഷിബു ജോസഫിനെ സൂചന (1) പ്രകാരമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി ടിയാന്റെ നിവേദനം, സേവന വിവരങ്ങളുടെ സാക്ഷ്യപ്പെടുത്തിയപകർപ്പുകൾഎന്നിവ സമർപ്പിച്ചിട്ടുണ്ട്.

ടി വിവരങ്ങൾ പരിശോധിച്ചതിൻപ്രകാരം, ടിയാൻ കേരളാപബ്ലിക് സർവ്വീസ് കമ്മീഷന്റെ 31/03/2003 ലെ നിയമനനിർദ്ദേശ നമ്പർ RIA(3)/25525/01/GWൽ ഉൾപ്പെട്ടിട്ടുള്ളതും, പൊതുമരാമത്തു വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 10/06/2003 ലെ ഉത്തരവ് നമ്പർ EB5/18050/2003 പ്രകാരം നിയമനം ലഭിച്ചിട്ടുള്ളതും, 16/07/2003 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു. ടിയാന്റെ പരിവീക്ഷാകാലം 02/11/2005 ലെ ഉത്തരവ് നമ്പർ EB5/13358/2005 പ്രകാരം 16/07/2005 മുതൽ മുൻകാല പ്രാബ്യലത്തോടെ പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.

ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാംഗ്രേഡ് ഓവർസിയർ ശ്രീ.ഷിബു ജോസഫിനെ സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച മൂന്നാംഗ്രേഡ് ഓവർസിയർമാരുടെ 01/04/1990 മുതൽ 31/12/2007 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 273(എ) എന്ന് റാങ്ക് നിശ്ചയിച്ച് ശ്രീ.രാധാകൃഷ്ണൻ.റ്റി.വി- യുടേയും (റാങ്ക് നമ്പർ 273), ശ്രീ.പി. വി.ജയകുമാറിന്റെയും (റാങ്ക് നമ്പർ 274), മദ്ധ്യേ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും, പ്രസ്തുത വിവരം സൂചന യിലെ നോട്ടീസിലൂടെ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, പരാതിയോ ആക്ഷേപമോ ഉള്ള ജീവനക്കാർക്ക് ആയത് സമർപ്പിക്കാൻ രണ്ടാഴ്ച സമയം അനുവദിച്ചിട്ടുള്ളതുമാകുന്നു. എന്നാൽ സമയബന്ധിത മായോ നാളിതുവരെയോ യാതൊരുവിധ പരാതികളും ലഭിച്ചിട്ടില്ലാത്തതിനാൽ, ടി തീരുമാനം ഇതിനാൽ അന്തിമമായി കൈക്കൊള്ളുന്നു.

| റാങ്ക് നമ്പർ | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും | സർവ്വീസിൽ പ്രവേശിച്ച തീയതി |
|---|---|---|---|---|---|
| 273 (a) | ഷിബു ജോസഫ് | 29/01/1971 | PDC, ITI D'man Civil | RIA(3)25525/01/GW dtd 31/03/2003. | 16-07-2003 |

ഒപ്പ്
ചീഫ് എഞ്ചിനീയർ
രൂപകല്പനയും ഭരണവും

സ്വീകർത്താവ്

മേലധികാരി മുഖേന വ്യക്തിക്ക്

പകർപ്പ്

ഐറ്റി.സെൽ/ഇബി 4 സെക്ഷൻ/ റെക്കോർഡ് സെക്ഷൻ/സ്റ്റോക്ക്/സ്പെയർ

ഉത്തരവിൻപ്രകാരം

Jaya Kumari
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

SW